(സി) കൃഷിനാശം സംഭവിച്ച പ്രദേശങ്ങൾ കൃഷി ഉദ്യോഗസ്ഥർ സന്ദർശിക്കുകയും സ്ഥലപരിശോധന നടത്തുകയും വിളകൾക്കുണ്ടായ നാശനഷ്ടം തിട്ടപ്പെടുത്തി പ്രാഥമിക റിപ്പോർട്ട് അതാത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കടലോര പ്രദേശത്ത് കൃഷി നശിച്ച കർഷകർക്ക് തെങ്ങ്, വാഴ, കമുക്, പച്ചക്കറി, ഫലവൃക്ഷതൈകൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കൃഷി നാശത്തിനുള്ള നഷ്ട പരിഹാരത്തുക വിതരണം ചെയ്യാൻ നടപടി എടുത്തിട്ടുണ്ട്. കൂടാതെ മേൽമണ്ണ് ഒഴുകിപ്പോയ ഭാഗങ്ങളിൽ കൃഷിയോഗ്യമായ മണ്ണിട്ട് നികത്തുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

കർഷകർ നേരിടുന്ന പ്രതിസന്ധി

119 [437] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി കേന്ദ്രകൃഷി മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ളത്;

(സി) ഇതിൽ എത്ര കോടി രൂപയുടെ ഏതെല്ലാം പദ്ധതികളാണ് കേന്ദ്രം അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) കടക്കെണിമൂലം എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്നാണ് കേന്ദ്രത്തെ ധരിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹു. കൃഷി വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവർ അടങ്ങുന്ന ഒരു ഉന്നതതല സംഘം 2004 ജൂലൈ മാസത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി 3847 കോടി രൂപയുടെ ഒരു ബൃഹത്തായ നിവേദനം കേന്ദ്രമന്ത്രി സഭയ്ക്ക് സമർപ്പിച്ചു.

1. കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് അടിയന്തിര സാമ്പത്തിക സഹായം നൽകുന്നതിനായി 10 കോടി രൂപ.

2. തോട്ട-നാണ്യ വിളകളിലെ കൃഷിക്കാർക്കായി RBI പ്രഖ്യാപിച്ച രണ്ട് വർഷത്തെ മൊറട്ടോറിയം കാലാവധി 3 വർഷമായി വർദ്ധിപ്പിക്കുക.

3. കർഷകരുടെ 50,000 രൂപ വരെയുള്ള വായ്പകളുടെ പലിശ എഴുതിതള്ളുന്നതിനായി 1277 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

4. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത കർഷകർക്ക് പലിശയിളവ് നൽകുന്നതിനായി 25 കോടി രൂപ.

5. രോഗം ബാധിച്ച നാളികേര തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി 293 കോടി രൂപ.

6. കശുവണ്ടി തോട്ടമേഖലയിലെ കർഷകരുടെ പുനരധിവാസത്തിനായി 20 കോടി രൂപ.

7. കുരുമുളക് കർഷകരുടെ പുനരധിവാസത്തിനായി 20 കോടി രൂപ.

8. അടയ്ക്കാ സംഭരണത്തിനായി 10 കോടി രൂപ.

9. മൃഗസംരക്ഷണ മേഖലയിലെ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാരുമായ കർഷകർക്കുവേണ്ടിയുള്ള അഷ്വറൻസ് പാക്കേജിനായി 10 കോടി രൂപ.

10. വിള ഇൻഷ്വറൻസിനായി 200 കോടി രൂപ.

ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര മൾട്ടി ഡിസിപ്ലിനറി ടീം 2004 ആഗസ്റ്റ് മാസം സംസ്ഥാനം സന്ദർശിക്കുകയും നാളികേരം, കാപ്പി, കുരുമുളക് തുടങ്ങിയ വിളകളുടെ പുനരധിവാസത്തിന് 225.47 കോടി രൂപ, ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിന് 1.73 കോടി രൂപ, കാർഷിക കടാശ്വാസത്തിന് 90 കോടി രൂപ, ഇടവിള കൃഷിയിലൂടെ വരുമാന വർദ്ധന 40 കോടി രൂപ എന്നിവ ഉൾപ്പെടെ 366.20 കോടി രൂപയുടെ നിവേദനം സംസ്ഥാന ഗവൺമെന്റ് അവർക്ക് മുമ്പാകെ സമർപ്പിച്ചു.

(ബി) 2004 ജൂലൈ മാസത്തിൽ 3847 കോടി രൂപയുടെ പദ്ധതിയും ആഗസ്റ്റു മാസത്തിൽ അടിയന്തിര സഹായത്തിനായി 366.20 കോടി രൂപയുടെ പദ്ധതിയും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

(സി) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനും മറ്റുമായി 106 കോടി രൂപയും കുരുമുളകിന്റേയും കശുവണ്ടിയുടേയും റീപ്ലാന്റിംഗിനുവേണ്ടി 30 കോടി രൂപ അനുവദിച്ചതിൽ ആദ്യപടിയായി 10 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) 2004 ജൂലൈവരെ സംസ്ഥാനത്ത് കടക്കെണിമൂലം 173 കർഷകർ ആത്മഹത്യ ചെയ്തതായി കേന്ദ്രത്തെ ധരിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly